# (v) സാമ്പത്തിക ദർശനം

ഭൂമിയിലുള്ളതെല്ലാം അല്ലാഹു സൃഷ്ടിച്ചതാണ്. അവയെ പരിപാലിച്ചുകൊണ്ടിരിക്കുന്നതും അവൻ തന്നെ. സൃഷ്ടികൾക്ക് യാതൊന്നിലും ആത്യന്തികമായ ഉടമസ്ഥതയില്ല. എല്ലാറ്റിന്റെയും പരമമായ ഉടമ അല്ലാഹുവാണെന്ന് ഖുർആൻ ആവർത്തിച്ചു പ്രസ്താവിച്ചിരിക്കുന്നു. ഉദാ. "ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹുവിന്റേതാകുന്നു. അവൻ മാത്രമാകുന്നു യഥാർഥ സമ്പന്നനും സ്തുത്യനും"(31: 26). അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലക്കുള്ള ഉടമസ്ഥത മാത്രമാണ് മനുഷ്യർക്ക് സമ്പത്തിലുള്ളത്. "അല്ലാഹു നിങ്ങളെ പ്രതിനിധികളാക്കിയിട്ടുള്ള സമ്പത്തിൽനിന്ന് ചെലവഴിക്കുവിൻ"(57: 7). പ്രതിനിധിയുടെ ഉടമസ്ഥതയും അധികാരവും അവൻ ആരെ പ്രതിനിധാനം ചെയ്യുന്നുവോ അയാളുടെ ഉദ്ദേശ്യവും താൽപര്യവുമനുസരിച്ച് കൈകാര്യം ചെയ്യുന്നതിൽ പരിമിതമാകുന്നു. അതുകൊണ്ട് സമ്പത്ത് ദൈവം നിർദേശിച്ച വഴികളിലൂടെ മാത്രം ശേഖരിക്കാനും അവൻ നിർദേശിച്ച രീതിയിൽ മാത്രം ചെലവഴിക്കാനും മനുഷ്യൻ ബാധ്യസ്ഥനാകുന്നു.

ധനത്തെ ദൈവാനുഗ്രഹം എന്നും ധന സമ്പാദനത്തെ ദൈവാനുഗ്രഹം തേടൽ (ഇബ്തിഗാഉ ഫദ്‌ലില്ലാ) എന്നുമാണ് ഖുർആൻ പലയിടത്തും വ്യവഹരിച്ചിട്ടുള്ളത്. ഖുർആൻ ധനസമ്പാദനത്തിന് മനുഷ്യരെ പ്രേരിപ്പിക്കുമ്പോഴും അതിന്റെ യഥാർഥ ഉടമസ്ഥൻ അല്ലാഹുവാണെന്ന് ഈ പ്രയോഗങ്ങൾ ധ്വനിപ്പിക്കുന്നു. "നിങ്ങൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹം തേടുന്നതിൽ (ധനം സമ്പാദിക്കുന്നതിൽ) യാതൊരു കുറ്റവുമില്ല" (2: 198). "പ്രാർഥന കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ച് അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊള്ളുക"(62: 10). "നാം പകലിനെ പ്രകാശമാനമാക്കിത്തന്നിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹം തേടുന്നതിന് വേണ്ടി"(17: 12).

ധനശേഖരണത്തിലേറെ ധനവിതരണത്തിലാണ് ഖുർആൻ ഊന്നുന്നത്. സമ്പാദന താൽപര്യം മനുഷ്യപ്രകൃതിയിൽ തന്നെ നിലീനമായിട്ടുള്ളതാണ്. സമ്പാദിച്ചതു സൂക്ഷിച്ചുവെക്കാനുള്ള വാസനയും അപ്രകാരം തന്നെ. ശേഖരിച്ചുവയ്ക്കുക എന്നത് തന്നെ വിതരണ വിരാമമാകുന്നു. ഒരാൾ ശേഖരിച്ചില്ലെങ്കിൽ അത് മറ്റൊരാൾ ശേഖരിച്ചുകൊള്ളും. വിതരണം ചെയ്യപ്പെടാത്ത വിഭവം ശേഖരിക്കപ്പെടാത്ത വിഭവത്തെക്കാൾ നിഷ്പ്രയോജനമാകുന്നു. അതുകൊണ്ടാണ് ഖുർആൻ ലോഭമനസ്സിനെ തളർത്തി സമ്പത്തിന്റെ വിതരണം സുഗമമാക്കുന്നതിൽ ഊന്നി സംസാരിക്കുന്നത്. ദൈവം, അവന്റെ സൃഷ്ടികൾക്കാവശ്യമുള്ള എല്ലാ വിഭവങ്ങളും ആവശ്യമായ അളവിൽ ഈ ഭൂമിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അത് കണ്ടെടുക്കാൻ പ്രേരിപ്പിക്കുന്ന സഹജവാസനകളും അവന്നു നല്കിയിരിക്കുന്നു. "അവരോടു ചോദിക്കുക: രണ്ടു നാളുകളിലായി ഭൂമിയെ സൃഷ്ടിച്ച അല്ലാഹുവിനെ നിഷേധിക്കുകയും ഇതരന്മാരെ അവന്നു തുല്യരാക്കുകയും ചെയ്യുന്നുവോ നിങ്ങൾ? എന്നാൽ അവൻ സർവലോകങ്ങളുടെയും നാഥനാകുന്നു. അവൻ ഭൂമിക്കു മീതെ പർവതങ്ങളെ ഉറപ്പിച്ചു. ഭൂമിയിൽ അനുഗ്രഹങ്ങൾ നിക്ഷേപിച്ചു. നാലു നാളുകളിലായി, ആവശ്യമുള്ളവർക്കൊക്കെയും അവരവരുടെ ആവശ്യത്തിനും താൽപര്യത്തിനും അനുസൃതമായി ഭൂമിയിൽ വിഭവങ്ങളൊരുക്കി വെക്കുകയും ചെയ്തു"(41: 9-10). ഓരോ മനുഷ്യന്നും ഭൂമിയിലെ വിഭവങ്ങൾ കണ്ടെടുത്ത് അനുഭവിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. മനുഷ്യന്റെ കഴിവുകളും താൽപര്യങ്ങളും സാഹചര്യങ്ങളുമെല്ലാം പ്രതിജന ഭിന്നമാണ്. എല്ലാ വ്യക്തികൾക്കും ഒരു കാര്യം ഒരേപോലെ ചെയ്യാനാവില്ല. ധനസമ്പാദനവും അങ്ങനെത്തന്നെ. ചിലർ അതിൽ ഏറെ വിജയിക്കുന്നു. ചിലർക്ക് സ്വന്തം ആവശ്യത്തിന് വേണ്ടതേ നേടാൻ കഴിയൂ. ചിലർക്ക് അതിനും കഴിയില്ല. അത്തരക്കാരെ സഹായിക്കേണ്ടത് കൂടുതൽ നേടിയവരുടെ ബാധ്യതയാണ്. ഈ ബാധ്യതയെ അനുസ്മരിപ്പിക്കുന്നതാണ് ഇസ്‌ലാമിലെ മൂന്നാം കർമപ്രമാണമായ സകാത്. സമ്പന്നരിൽനിന്നു പിടിച്ചെടുത്ത് ദരിദ്രരിൽ വിതരണം ചെയ്യപ്പെടുന്നത് എന്ന് അതിനൊരു നിർവചനം തന്നെയുണ്ട്. സകാത് കൊടുത്തതു കൊണ്ടു മാത്രം സമ്പന്നരുടെ ബാധ്യത തീരുന്നില്ല. "അവരുടെ സമ്പത്തിൽ ആവശ്യക്കാർക്കും ജീവിതോപാധികൾ തടയപ്പെട്ടവർക്കും അവകാശമുണ്ട്"(51:19) എന്ന ഖുർആൻ വാക്യം സൂചിപ്പിക്കുന്നത് സകാതിനു പുറമേയുള്ള സാമ്പത്തിക ബാധ്യതകളെയാണ്. അവശ്യ സന്ദർഭങ്ങളിൽ വിതരണം ചെയ്യാതെ സമ്പത്ത് കെട്ടിപ്പൂട്ടി വെക്കുന്നതിനെ ഖുർആൻ രൂക്ഷമായി ആക്ഷേപിച്ചിരിക്കുന്നു: "അല്ലാഹു തങ്ങൾക്കേകിയ അനുഗ്രഹങ്ങളിൽ ലുബ്ധ് കാണിക്കുന്നവൻ ആ ലുബ്ധ് തങ്ങൾക്ക് ഗുണകരമെന്ന് ധരിക്കാതിരിക്കട്ടെ. അല്ല, അതവർക്ക് വളരെ ദോഷകരമാകുന്നു. അവർ പിശുക്കി സമ്പാദിച്ചുകൂട്ടിയതൊക്കെയും അന്ത്യനാളിൽ അവരുടെ കണ്ഠവളയമായിത്തീരും. വാനഭുവനങ്ങളുടെ ആത്യന്തികമായ ഉടമാവകാശം അല്ലാഹുവിന്നാകുന്നു"(3: 180).

"സ്വയം ലുബ്ധനാവുകയും ആളുകളോട് ലുബ്ധ് ഉപദേശിക്കുകയും അല്ലാഹു നല്കിയ അനുഗ്രഹങ്ങളെ പൂഴ്ത്തിവെക്കുകയും ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അത്തരം നന്ദികെട്ടവർക്കായി ഹീനമായ ശിക്ഷയാകുന്നു നാം ഒരുക്കിവെച്ചിട്ടുള്ളത്"(4: 37). "അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയർ നിറച്ച് ഉണ്ണുന്നവൻ മുസ്‌ലിം സമൂഹത്തിൽ പെട്ടവനല്ല" എന്ന നബിവചനം ഏറെ പ്രസിദ്ധമാണ്.

വ്യക്തികൾക്ക് അല്ലാഹു നല്കിയിട്ടുള്ള പരിമിതമായ സ്വകാര്യ ഉടമസ്ഥത പാവനമാണ്. വ്യക്തികളോ സമൂഹമോ അതിൽ കൈവെക്കാൻ പാടില്ല. ജീവനും ധനവും അഭിമാനവും ഒരുപോലെ മറ്റു മുസ്‌ലിംകൾക്ക് ഹറാം (പാവനം) ആണെന്നാണ് നബിവചനം. ഏതെങ്കിലും വ്യക്തിയുടെ സ്വത്തുക്കൾ അനിവാര്യ ഘട്ടങ്ങളിൽ അയാൾ ചെലവഴിക്കാൻ വിസമ്മതിക്കുന്നുവെങ്കിൽ അതു ന്യായമായ രീതിയിൽ വ്യയം ചെയ്യപ്പെടുന്നതിനാവശ്യമായ നടപടികളെടുക്കാൻ ഭരണകൂടത്തിന് അധികാരമുണ്ടായിരിക്കും.

സമ്പത്ത് മനുഷ്യന്റെ നിലനില്പിന്റെ ആധാരമാണെന്നും അത് ശേഖരിക്കുന്നതിലോ സൂക്ഷിക്കുന്നതിലോ വിതരണം ചെയ്യുന്നതിലോ അന്യായവും അധർമവുമരുതെന്നും ഖുർആൻ ഉണർത്തിയിരിക്കുന്നു. "അല്ലാഹു നിങ്ങളുടെ നിലനില്പിന്നാധാരമാക്കി വെച്ച സമ്പത്ത് മൂഢന്മാരെ ഏല്പിക്കരുത്. നിങ്ങളവർക്ക് ഉണ്ണാനും ഉടുക്കാനും കൊടുക്കുക. അവരോടു നല്ല വാക്ക് പറയുകയും ചെയ്യുക"(4: 5). "നിങ്ങൾ തിന്നുകൊള്ളുക, കുടിച്ചുകൊള്ളുക, എന്നാൽ ധൂർത്ത് പാടില്ല" (7: 31). "അല്ലാഹുവിന്റെ വിനീതരായ ദാസന്മാർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ ലുബ്ധ് കാണിക്കുകയോ ചെയ്യാത്തവരും രണ്ടിനുമിടയിൽ മിതത്വം പാലിക്കുന്നവരുമാണ്" (25: 67).

സാമ്പത്തിക നീതിയെയും സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങളെയും ഹനിക്കുന്ന ധനശേഖരണ മാർഗങ്ങളെല്ലാം ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. കച്ചവടത്തിൽ വഞ്ചനയും പൂഴ്ത്തിവെപ്പും പാടില്ല. ലഹരിപദാർഥങ്ങൾ പോലെ സമൂഹത്തിന്റെ സുസ്ഥിതിക്ക് ഹാനികരമാകുന്ന ചരക്കുകൾ കച്ചവടം ചെയ്യുവാനും പാടില്ല. ചൂഷണത്തിന്റെയും ചൂതാട്ടത്തിന്റെയും സ്വഭാവമുള്ള എല്ലാ ഇടപാടുകളും നിഷിദ്ധമാകുന്നു. ഏറ്റവും വലിയ ചൂഷണോപാധിയായ പലിശയെ ഖുർആൻ കർശനമായി നിരോധിച്ചിട്ടുണ്ട്. “പലിശ തിന്നുന്നവരുടെ സ്ഥിതി ചെകുത്താൻബാധയേറ്റ് ചിത്തഭ്രമം ബാധിച്ചവനെപ്പോലെയാകുന്നു. കച്ചവടവും പലിശ പോലെത്തന്നെ എന്നു വാദിച്ചതിനാലത്രെ അവർക്കീ ഗതി വന്നത്. എന്നാൽ കച്ചവടത്തെ അനുവദിക്കുകയും പലിശയെ നിഷിദ്ധമാക്കുകയുമത്രെ അല്ലാഹു ചെയ്തിട്ടുള്ളത്”(2: 275). “ഓ വിശ്വസിച്ചവരേ, അല്ലാഹുവിനെ ഭയപ്പെടുവിൻ, പലിശയിനത്തിൽ ബാക്കിയുള്ളതൊക്കെയും വർജിക്കുവിൻ; നിങ്ങൾ യഥാർഥ വിശ്വാസികളാണെങ്കിൽ. അപ്രകാരം ചെയ്യുന്നില്ലെങ്കിലോ, അല്ലാഹുവിങ്കൽനിന്നും അവന്റെ ദൂതനിൽനിന്നും നിങ്ങൾക്കെതിരെ യുദ്ധപ്രഖ്യാപനമുണ്ടെന്നറിഞ്ഞിരിക്കുവിൻ.”(2: 278, 79).

ന്യായമായ മാർഗത്തിലൂടെയല്ലാത്ത ഒരു ധനവും ഇസ്‌ലാം വിഹിതവും അനുവദനീയവുമായി അംഗീകരിക്കുന്നില്ല. “നിങ്ങളുടെ ധനം അന്യോന്യം അന്യായമായി ഭുജിക്കാതിരിക്കുക. കുറ്റകരമായ രീതിയിൽ അന്യരുടെ ധനത്തിൽനിന്നൊരു ഭാഗം ഭുജിക്കുന്നതിനുവേണ്ടി നിങ്ങൾ സമ്പത്തുംകൊണ്ട് ഭരണാധികാരികളെ സമീപിക്കരുത്”(2: 188). രണ്ടു പേർ നടത്തുന്ന ഏതൊരു സാമ്പത്തിക ഇടപാടിലും - അത് കച്ചവടമാകട്ടെ, കടമാകട്ടെ, ദാനമാകട്ടെ- ഉഭയ സമ്മതമുണ്ടായിരിക്കണം. അതില്ലെങ്കിൽ ഇടപാട് സാധുവാകുന്നതല്ല. “അല്ലയോ വിശ്വസിച്ചവരേ, നിങ്ങളുടെ മുതലുകൾ നിഷിദ്ധ മാർഗത്തിലൂടെ പരസ്പരം ഭുജിക്കാതിരിക്കുക. അത് ഉഭയ സമ്മതത്തോടെയുള്ള കൊള്ളക്കൊടുക്കയായിരിക്കണം. നിങ്ങൾ നിങ്ങളെത്തന്നെ വധിക്കരുത്. അല്ലാഹു നിങ്ങളോട് ഏറെ കാരുണ്യമുള്ളവനാണെന്ന് അറിഞ്ഞിരിക്കുവിൻ”(4: 29).

ഖുർആനും സുന്നതും ഉൾക്കൊള്ളുന്ന സാമ്പത്തികാധ്യാപനങ്ങളെ ആധാരമാക്കി കർമശാസ്ത്രകാരന്മാർ ഇസ്‌ലാമിക സാമ്പത്തിക നിയമങ്ങൾ പ്രതിപാദിക്കുന്ന ബൃഹത്തായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പൂർവിക പണ്ഡിതന്മാരിൽ പെട്ട ഇമാം അബൂയൂസുഫ് രചിച്ച *കിതാബുൽ ഖറാജും* അബൂഉബൈദ് രചിച്ച *കിതാബുൽ അംവാലും* 20-ാം നൂറ്റാണ്ടിൽ ശഹീദ് സയ്യിദ് ഖുത്വ്ബ് രചിച്ച *അൽഅ*ദാലതുൽ ഇജ്തിമാഇയ്യഃ ഫിൽഇസ്‌ലാ* (*ഇസ്‌ലാമിലെ സാമൂഹ്യനീതി* )മും അക്കൂട്ടത്തിൽ പ്രമുഖങ്ങളാണ്.